വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി

27 (917) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഏതു വർഷം മിനിമം ഗ്യാരന്റി വച്ച വൈദ്യുതി കണക്ഷനുള്ള അപേക്ഷകളിലാണ് ഈ സാമ്പത്തിക വർഷം കണക്ഷൻ നൽകാനായി പ്രവൃത്തികൾ നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മിനിമം ഗ്യാരന്റി വെച്ച വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ വളരെയധികം കെട്ടികിടക്കുന്ന ജില്ലകളിൽ കുടിശ്ശിക പ്രവൃത്തികൾ തീർക്കാനാവശ്യമായ നിർമ്മാണ വസ്തുക്കൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1996-1997 സാമ്പത്തിക വർഷങ്ങളിൽ വരെ മിനിമം ഗ്യാരന്റി വച്ചിട്ടുള്ള അപേക്ഷകളിലാണ് ഈ സാമ്പത്തിക വർഷം കണക്ഷൻ നൽകാനായി പ്രവൃത്തികൾ നടത്തിവരുന്നത്.

ടാർജറ്റ് പ്രകാരമുള്ളവ തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

28 (918) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാറാട്ട്, പാനൂർ, പത്തായക്കുന്ന്, ചൊക്ലി എന്നീ സെക്ഷനുകളിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വൈദ്യുതി കണക്ഷനുകൾ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പാറോട്ട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 597-ഉം പാട്യം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 402-ഉം പാനൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 2199-ഉം ചൊക്ലി സെക്ഷനാഫീസിന്റെ പരിധിയിൽ 725 ഉം വൈദ്യുതി കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുണ്ട്.

(ബി) വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനാവശ്യമായ സാധന സാമഗ്രികൾ കൂടുതലായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണക്ഷൻ നൽകാൻ നടപടി

29 (919) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഒ. വൈ. ഇ. സി. സ്കീമിൽ എത്ര ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly